പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3270 — 07.11.2019-ൽ മറുപടിക്ക്

## ചെറുവത്തൂർ തുറമുഖത്തെ മണൽതിട്ട നീക്കം ചെയ്യാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. രാജഗോപാലൻ : | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്ത് ബോട്ടുകൾ അടുക്കുന്നതിന് തടസ്സമായ മണൽതിട്ട നീക്കം ചെയ്യുന്നതിനും കാലവർഷത്തിൽ തുടർച്ചയായുള്ള ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കാനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | ബോട്ടുകൾക്ക് സുഗമമായി കടലിൽ പോകുന്നതിന് ചാനലിൽ അടിഞ്ഞുകൂടിയ എക്കൽ മണ്ണ് ഡ്രഡ്ജ് ചെയ്ത് നീക്കുന്നതിന് 2,98,000/- രൂപയ്ക്ക് ഭരണാനുമതി നൽകുകയും സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>ചെറുവത്തൂർ ഹാർബർ ബേസിൻ വളരെ വിസ്താരമേറിയതായതിനാൽ പുഴയുടെ ഒഴുക്ക് കുറഞ്ഞ് മണ്ണടിയുകയും തുരുത്ത് രൂപപ്പെടുകയും ചെയ്യുന്നു. ആയതിനാൽ തുടർച്ചയായി dredging നടത്തേണ്ടി വരും. |

സെക്ഷൻ ഓഫീസർ